# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2827**

**10.03.2017-ന് മറുപടിയ്ക്ക്**

## <u>നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്കൂൾ - കോളേജുകൾക്ക് പുതിയ കെട്ടിടം</u>

| <u>ചോദ്യം</u><br>ശ്രീ.കെ. ആൻസലൻ | | <u>മറുപടി</u><br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ബി.എച്ച്.എസ്.എസ്, കുളത്തൂർ വി.എച്ച്.എസ്.എസ്, കുളത്തൂർ ഗവൺമെന്റ് കോളേജ് എന്നിവയ്ക്ക് 2016ലെ ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട പുതിയ മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ; | (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 2016-ലെ ബജറ്റിൽ പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നുമില്ല. 2016-17 സാമ്പത്തിക വർഷം നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ബി.എച്ച്.എസ്.എസ്, കുളത്തൂർ വി.എച്ച്.എസ്.എസ്, എന്നീ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷം കുളത്തൂർ വി.എച്ച്.എസ്.എസിന് 160 ലക്ഷം രൂപ മതിപ്പ് ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിലെ മുൻ പെരുമ്പഴുതൂർ പഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള പെരുമ്പഴുതൂർ എച്ച്.എസ്, ഹയർ സെക്കന്ററിയായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇപ്പോൾ തീരുമാനിച്ചിട്ടില്ല. |
| (സി) | നെയ്യാറ്റിൻകര നഗര കേന്ദ്രത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ? | (സി) | നെയ്യാറ്റിൻകര നഗര കേന്ദ്രത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ